# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4834 26.06.2019 -ലെ മറുപടിയ്ക്ക്

### ഓൺലൈൻ ബിരുദ കോഴ്സുകൾ

ചോദ്യം

ശ്രീ. പി.ടി. തോമസ്

ഉത്തരം

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | ഓൺലൈൻ ബിരുദ കോഴ്സുകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട 2017-ലെ യു.ജി.സി (ഓൺലൈൻ എഡ്യൂക്കേഷൻ) റെഗുലേഷൻ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഓൺലൈൻ രീതിയിൽ സർട്ടിഫിക്കറ്റ് ഡിഗ്രി, ഡിപ്ലോമ എന്നിവ നല്കുന്നതിനുള്ള നിബന്ധനകളെ സംബന്ധിച്ചിട്ടുള്ളതാണ് 2018 ജൂലൈയിൽ യു.ജി.സി പുറപ്പെടുവിച്ച 'റഗുലേഷൻ ഫോർ ഓൺലൈൻ കോഴ്സസ്'. NAAC – ഗ്രേഡിംഗിൽ 3.26 മിനിമം സ്കോർ ഉള്ളതും , NIRF- റാങ്കിംഗിൽ 100 ന് ഉള്ളിൽ വരുന്നതുമായ സർവകലാശാലകൾക്ക് മാത്രമേ ഇത്തരം ഓൺലൈൻ കോഴ്സുകൾ നടത്താൻ പാടുള്ളൂ. നിലവിൽ റഗുലർ കോഴ്സുകളായി നടത്തുന്ന പ്രോഗ്രാമുകൾക്കു മാത്രമേ ഓൺലൈൻ കോഴ്സുകൾ നടത്താൻ സാധിക്കുകയുള്ളൂ. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കോഴ്സുകൾ രൂപകല്പന ചെയ്യാനും കോഴ്സുമായി ബന്ധപ്പെട്ടിട്ടുള്ള മറ്റ് കാര്യങ്ങൾ (eg.വീഡിയോ റെക്കോർഡ്, ടെസ്റ്റ്, ഡിസ്ക്കഷൻ) ഇവയൊക്കെ ആഭ്യന്തരമായി തന്നെ രൂപകല്പന ചെയ്യാനുള്ള ശേഷി ഉണ്ടായിരിക്കണം. **'SWAYAM'** Digital platform മുഖേനയേ ഇത്തരം കോഴ്സുകൾ നടത്താൻ പാടുള്ളൂ. ഇത്തരം നിബന്ധനകളെല്ലാം പാലിക്കുന്ന സർവകലാശാലകൾ യു.ജി.സി യുടെ ഓൺലൈൻ അപ്രൂവൽ വാങ്ങിയിരിക്കണം. ഇത്തരം കോഴ്സുകളുടെ |

| | | | |
|---|---|---|---|
| | | | ഗുണനിലവാരം ഉറപ്പാക്കാൻ സെന്റർ ഫോർ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് (CIQA) സംവിധാനം പ്രസ്തുത സർവ്വ കലാശാലകൾ സ്ഥാപിച്ചിരിക്കണം. പരിശീലനം ലഭിച്ചിട്ടുള്ള അദ്ധ്യാപകരും മറ്റു ജീവനക്കാരും ഉണ്ടായിരിക്കണം. ഗുണനിലവാരത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടില്ല. |
| (ബി) | ഇതുസംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ; പ്രസ്തുത റഗുലേഷൻ സംബന്ധിച്ച് യു.ജി.സി.ക്ക് എന്തെങ്കിലും കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണ്; വ്യക്തമാക്കാമോ? | (ബി) | 2016 - ലെ യു.ജി.സി. ഓൺലൈൻ കോഴ്സുകൾ സംബന്ധിച്ച നിബന്ധന അനുസരിച്ച് **'SWAYAM'** ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ നേടുന്ന ഓൺലൈൻ കോഴ്സുകളുടെ കുറഞ്ഞത് 20% ക്രെഡിറ്റെങ്കിലും റെഗുലർ പ്രോഗ്രാമുകളിൽ അംഗീകരിക്കണം. ഇതു സർവകലാശാലകളിലെയും കോളേജുകളിലെയും 20% അദ്ധ്യാപക ജോലിഭാരം (Teachers working load) കുറയ്ക്കാൻ ഇടയാക്കും. ഫലത്തിൽ ഇത്രയും അദ്ധ്യാപക തസ്തികകൾ നഷ്ടപ്പെടുമോ എന്ന ആശങ്ക ഉയർന്നു വന്നിട്ടുണ്ട്. പ്രസ്തുത റഗുലേഷൻ സംബന്ധിച്ച് യു.ജി.സിക്ക് കത്ത് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.